പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1869 **26-10-2026-ൽ മറുപടിയ്ക്ക്**

ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: വിലയിരുത്തിവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയതിന്റെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനങ്ങൾ GST നിയമത്തിനനുസൃതമാക്കുന്നതിനായി, 2023-ൽ ടാക്സ്പേയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നിങ്ങനെ 3 വെർട്ടിക്കലുകളായി തിരിച്ച് പുനഃസംഘടിപ്പിച്ചിരുന്നു. വകുപ്പിന്റെ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ സമഗ്രമായ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനുമായി വകുപ്പിന്റെ രണ്ടാംഘട്ട പുന:സംഘടനാനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 29.09.2026-ലെ സർക്കാർ ഉത്തരവ് നം.758/2026/നികുതി പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നു.

(ബി) ജി.എസ്.ടി. നടപ്പാക്കിയതിന് മുമ്പുള്ള നികുതി സംവിധാനവും നിലവിലുള്ള നികുതി സംവിധാനവും തമ്മിലുള്ള പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാന ഗവൺമെന്റുകളുടെയും കേന്ദ്ര ഗവൺമെന്റിന്റെയും അധികാര പരിധിയിൽ നിലകൊണ്ടിരുന്ന വാല്യൂ ആഡഡ് ടാക്സ്, സെൻട്രൽ എക്സൈസ് ആക്ട്, സർവീസ് ടാക്സ് തുടങ്ങിയ വിവിധ പരോക്ഷ നികുതി നിയമങ്ങൾ ലയിക്കപ്പെട്ടാണ് 01.7.2017 മുതൽ രാജ്യമൊട്ടാകെ ബാധകമായ ജി.എസ്.ടി നിയമസംവിധാനം നിലവിൽ വന്നത്. ഈ സംവിധാനത്തിന്റെ പ്രവർത്തനക്ഷമത മുൻകാല നിയമത്തിലെ പ്രവർത്തനക്ഷമതയുമായി താരതമ്യം ചെയ്യുന്നതിന് ജി.എസ്.ടിക്കു മുൻപ് നിലനിന്നിരുന്ന വിവിധ നിയമസംവിധാനങ്ങളെ സംബന്ധിച്ച വിശദമായ പഠനം ആവശ്യമാണ്. ഇത്തരത്തിൽ ഒരു വിശകലനം എന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്.

ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപ് സംസ്ഥാനത്തിന്റെ കീഴിൽ ഉണ്ടായിരുന്ന വാറ്റ്, വിൽപ്പന നികുതി, കാർഷികാദായനികുതി എന്നീ നികുതി നിയമങ്ങളിൽ അഞ്ച് വർഷത്തെ നികുതി വരുമാനത്തിന്റെയും ജി.എസ്.ടി. വന്നതിനു ശേഷമുള്ള 2025-26 വരെയുള്ള നികുതി വരുമാനത്തിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം, ഒഴിവുള്ള തസ്തികകൾ, ഓഫീസ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: പരിശോധിച്ചുവരുന്നു. സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ സമഗ്രമായ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനുമായി വകുപ്പിന്റെ രണ്ടാംഘട്ട പുനഃസംഘടന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 29.09.2026-ലെ സർക്കാർ ഉത്തരവ് നം.758/2026/നികുതി പ്രകാരം നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഉന്നതതലസമിതി രൂപീകരിച്ചിട്ടുണ്ട്.

കുറഞ്ഞ ജോലിഭാരമുള്ള ഓഫീസുകളിലെ അധിക ജീവനക്കാരെ കണ്ടെത്തി, ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ വിശകലനം നടത്തിയ ശേഷമായിരിക്കും ജീവനക്കാരുടെ പുനർവിന്യാസം നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള അഞ്ച് വർഷത്തെ നികുതി വരുമാനത്തിന്റെയും ജി.എസ്.ടി. വന്നതിനുശേഷമുള്ള 2025-26 വരെയുള്ള നികുതി വരുമാനത്തിന്റെയും വിവരങ്ങൾ

സാമ്പത്തിക വർഷം	നോൺ ജി.എസ്.ടി. (വാറ്റ്, വിൽപ്പന നികുതി, കാർഷികാദായ നികുതി)	ജി.എസ്.ടി.	ആകെ	വളർച്ചാ നിരക്ക്
2012-13	22530.01		22530.01	
2013-14	24906.80		24906.80	10.55%
2014-15	27916.93		27916.93	12.09%
2015-16	30738.79		30738.79	10.11%
2016-17	33455.86		33455.86	8.84%
2017-18	12007.69	24580.66	36588.35	9.36%
2018-19	21014.71	19226.45	40241.16	9.98%
2019-20	20446.95	19650.48	40097.43	-0.36%
2020-21	20028.31	17689.67	37717.98	-5.93%
2021-22	24169.81	22487.93	46657.74	23.70%
2022-23	29513.28	26876.17	56389.45	20.86%
2023-24	30563.60	27690.64	58254.24	3.31%
2024-25	32314.70	27689.99	60004.69	3.00%
2025-26 **	34208.65	29765.28	63973.93	6.61%

*2016-17 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആകെ വരുമാനം, ധനകാര്യ അക്കൗണ്ടുകൾ (SOTR Budget in Brief) പ്രകാരം.

*2019-20, 2020-21 വർഷങ്ങൾ കോവിഡ് ബാധിത കാലയളവായതിനാൽ, ആയത് നികുതി വർദ്ധനവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

** Provisional

2026 മാർച്ച് മാസത്തിൽ ലഭിച്ച 421.55 കോടി രൂപയുടെ നഷ്ടപരിഹാരം ഉൾപ്പെടെ.

സെക്ഷൻ ഓഫീസർ